(ഡി) ഉണ്ട്. വ്യാവസായികാടിസ്ഥാനത്തിൽ കൊഞ്ചുകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ജനകീയ മത്സ്യക്കൃഷിയിൽ മറ്റ് മത്സ്യങ്ങളോടൊപ്പം കൊഞ്ചുകൂടി കൃഷി ചെയ്യുന്നതിനുള്ള പ്രത്യേക പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇതിന് ആവശ്യമായ "കൊഞ്ച്‌വിത്ത്" സ്വകാര്യ ഹാച്ചറിയിൽ നിന്നുകൂടിയാണ് ശേഖരിച്ചുവരുന്നത്.

(ഇ) മത്സ്യ കർഷക വികസന ഏജൻസി ഓരുജലമത്സ്യ കർഷക വികസന ഏജൻസി എന്നിവയുടെ നേതൃത്വത്തിൽ സാങ്കേതിക സഹായവും സാമ്പത്തിക സഹായവും നൽകുവാനുള്ള പദ്ധതികൾ നിലവിലുണ്ട്.

22 (*142) റവന്യൂ കാർഡിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ

ശ്രീ. എ.സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന റവന്യൂ കാർഡിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) റവന്യൂകാർഡ് നിർബന്ധമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കാർഡ് നൽകുന്നതിന് ജനങ്ങളിൽനിന്ന് ഫീസ് ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) കാലാകാലങ്ങളിൽ സർക്കാർ വകുപ്പുകൾ അനുവദിക്കുന്ന വിവിധ സൗജന്യങ്ങളും ആനുകൂല്യങ്ങളും ധനസഹായങ്ങളും ഉറപ്പുവരുത്തുന്നതിനും, സർക്കാർ വകുപ്പുകൾ, തദ്ദേശസ്ഥാപനങ്ങൾ, സർക്കാരിന്റെ മറ്റു സ്ഥാപനങ്ങൾ എന്നിവ നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകൾക്ക് പകരമായി ഓരോ കുടുംബത്തിലും ഉള്ള അംഗങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാൻ കഴിയുന്ന ഒരു ആധികാരിക രേഖ എന്ന നിലയിലുമാണ് റവന്യൂ കാർഡ് ഏർപ്പെടുത്തിയിരിക്കുന്നത്.

(ബി) ഇല്ല.

(സി) ഉണ്ട്. കാർഡൊന്നിന് പതിനഞ്ച് രൂപാ നിരക്കിൽ ഫീസ് ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെയും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തെയും ഫീസ് ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

23 (*143) കാലവർഷക്കെടുതികൾ നേരിടുന്നതിന് നടപടി

ശ്രീ. ജോസ് ബേബി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. യു.എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷക്കെടുതികൾ നേരിടുന്നതിന് സർക്കാർ എന്തെങ്കിലും മുൻകരുതൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly